(സി) മേൽപറഞ്ഞസ്ഥലത്തു് 12 ബെഞ്ചുകളുള്ളതെ കെട്ടിടവും പോസ്റ്റു് മാർട്ടം ഷെഡ്ഡും കെട്ടുവാനായി 75000-ഉറുപ്പികയുള്ള പ്രപ്പോസൽ കോഴിക്കോട് മെഡിക്കൽ ആഫീസർ 1962 നവംബറിൽ ഗവണ്മെൻറിലേക്കു് അയച്ചിട്ടുണ്ടോ ;

(ഡി) 1964–65 വർഷത്തിലെങ്കിലും ഏറ്റവും അത്യാവശ്യമായ ടി ജോലി നടത്തുവാൻ ദയവുണ്ടാകുമോ ?

ഉത്തരം.

(എ) ഉണ്ടു്.

(ബി) വിട്ടതന്നിട്ടുള്ള സ്ഥലം കെട്ടിടം കെട്ടുന്നതിനു് മതിയാകാത്തതുകൊണ്ടും ഇതിലേക്കാവശ്യമുള്ള പണം ബഡ്ജറിൽ ലഭ്യമാകാതിരുന്നതുകൊണ്ടും.

(സി) ഇല്ല.

(ഡി) 1964-65–ലെ ബഡ്ജറു് പാസായതിനുശേഷമേ ഇതു് നിശ്ചയിക്കുകയുള്ളു.

CALLING ATTENTION TO MATTERS OF URGENT PUBLIC IMPORTANCE UNDER RULE 61

(i) Strike of the workers in the Modern wood-crafts Dharmadam.

9 a. m.] **Mr. Chairman** (Shri K. M. George) : Order, order. The question hour is over.

I have received a notice under Rule 61 from Shri K. Chandrasekharan. I call upon the hon. Member to make a Statement.

Shri K. Chandrasekharan: Mr. Chairman Sir, I may just bring to the notice of the hon. Labour Minister the serious situation caused in the Modern Woodcrafts Dharmadam near Tellicherry due to the strike of the employees. The strike commenced on 31-1-1964 and I understand that there have been so far ten conferences convened for the purpose of conciliation by the Assistant Labour Officer, Tellicherry and the District Labour Officer, Cannannore. It is also interesting to note that the police are resorting to arrests and removal of the striking employees. The demands they have put forward are quite justifiable. The unskilled labourers in the factory are getting Rs 1.25 each per day. There has been large scale increase in the bonus pattern of the officers and staff of the factory. They have demanded a 20 per cent increase in pay, 15 per cent increase in D. A. and 20 per cent increase in bonus which have already been put into effect by the management. But as far as the working employees are concerned, their demands were not met by the management. Even the reasonable suggestions made by the Labour Officers during conciliation conference had not been met by the management at all. I submit that the Government should bestow some attention on these matters. There have been strikes going on in a few places in the State and it is necessary that the strikes of this nature are avoided as far as possible. In this particular case the families of the

LIBRARY ARCHIVES Kerala Legislative Assembly

[Shri K. Chandrasekharan]

striking employees are in a state of starvation for the last two days. I, therefore, request the Government to see that immediate relief measures are adopted for the purpose of extending some relief, some limited relief at least, to the families of the striking employees. It is also necessary that Government should take steps at the higher level probably at the Deputy Commissioner level or at the Labour Commissioner level to see that the strike in the factory is ended as soon as possible.

The Minister for Transport and Labour (**Shri K. T. Achuthan**): Sir, I will give a reply tomorrow.

(ii) Satyagraha by the Private Secondary School Teachers.

Mr. Chairman: A reply is due from the hon. Chief Minister to an earlier Rule 61 notice of Shri. Gopala Kurup. I call upon the hon. Chief Minister to give the reply.

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ) : സർ, ശ്രീ. ഗോപാലക്കുറുപ്പ് ഇന്നലെ ഉന്നയിച്ച പ്രശ്നം പ്രൈവറ്റ് സെക്കണ്ടറി സ്കൂൾ ടീച്ചേഴ്സ് സത്യഗ്രഹം ആരംഭിച്ചിരിക്കുന്നതിനേ തുടർന്നുള്ള സ്ഥിതിഗതികളെപ്പറ്റിയാണ്. അവർക്ക് ഏറ്റവും പ്രധാനപ്പെട്ട ബുദ്ധിമുട്ടകറ്റം ഉൾക്കൊള്ളുന്ന ഒരു മെമ്മോറാണ്ടം ഗവണ്മെൻറിലേക്ക് ലഭിച്ചിരുന്നു. ആ മെമ്മോറാണ്ടത്തിൽ അവർ മാത്രമല്ല മറ്റു ചില അദ്ധ്യാപകസംഘടനകളുടേയും പ്രതിനിധികളും ഒപ്പിട്ടിരുന്നു. അതിൽ ചിലരെ വിളിച്ച് ഡിപ്പാർട്ടുമെൻറ് ആലോചനകളും നടത്തുകയും, മറ്റു ചിലരെ വിളിക്കാതിരിക്കുകയും ചെയ്തതിനെ സംബന്ധിച്ചാണ് അവർക്ക് മുഖ്യമായും പരാതികളും ഉള്ളതെന്നു് മനസ്സിലായി. അവർ അയച്ച മെമ്മോറാണ്ടം ഗവണ്മെൻറിലേക്ക് കിട്ടിയതിനുശേഷം അതിനെപ്പറ്റി പരിശോധിക്കുന്നതിനും ചർച്ച ചെയ്യുന്നതിനുമായി അദ്ധ്യാപക സംഘടനകളുടെ പ്രതിനിധികളെ മാത്രമേ വിളിച്ചിട്ടുണ്ടായിരുന്നുള്ളൂ. എന്നാൽ ഗവണ്മെൻറിൽനിന്നും അംഗീകരിച്ചിട്ടില്ലാത്ത സംഘടനകളുടെ പ്രതിനിധികളും ആ മെമ്മോറാണ്ടത്തിൽ ഒപ്പിട്ടിട്ടുണ്ടായിരുന്നു. അങ്ങനെ അംഗീകാരം ലഭിക്കാത്ത സംഘടനയുടെ പ്രതിനിധികളെ ഡിപ്പാർട്ടുമെൻറിൽനിന്നും വിളിച്ചിരുന്നില്ല. അതിൻറെ ഫലമായി അവരെ വിളിക്കാതിരിക്കാനുള്ള കാരണം എന്താണെന്നു അന്വേഷിച്ചു. അദ്ധ്യാപകസംഘടനകളെല്ലാം ഗവണ്മെൻറിൻറെ അംഗീകാരം വാങ്ങിക്കുന്നതിനു് പ്രത്യേകം വ്യവസ്ഥകളും ഉണ്ടെന്നും, അതനുസരിച്ച് അംഗീകാരത്തിനു് അപേക്ഷിക്കുന്ന അദ്ധ്യാപക സംഘടനകളെപ്പറ്റി ആലോചിച്ച് അംഗീകാരം കൊടുക്കുന്നതാണെന്നും, എയിഡഡ് പ്രൈമറി സ്കൂൾ ടീച്ചേഴ്സ് യൂണിയൻ അപ്രകാരം അംഗീകാരത്തിനുവേണ്ടി ഗവണ്മെൻറിലേക്ക് അപേക്ഷ കൊടുത്തിട്ടുണ്ടെന്നും അവരുടെ സംഘടനയ്ക്ക് അംഗീകാരം കൊടുത്തിട്ടുണ്ടെന്നും അറിഞ്ഞു. എന്നാൽ എയിഡഡ് സെക്കണ്ടറി സ്കൂൾ ടീച്ചേഴ്സ് അസോസിയേഷൻ അങ്ങനെ അംഗീകാരത്തിനു വേണ്ടി അപേക്ഷിക്കുകപോലും ചെയ്തിട്ടില്ലാത്ത സ്ഥിതിക്ക് ഇതിനെപ്പറ്റി ആലോചിക്കുന്നതിനു അവരെ വിളിച്ചിട്ടില്ലെന്നാണ് അറിയുന്നതു്. 7-6-61-ൽ തന്നെ ആവശ്യമായ രൂപകം ഗവണ്മെൻറിൽനിന്നും ഉണ്ടാക്കിയിരുന്നു. അപ്പോൾ ആ സംഘടനയ്ക്ക് വേണമെങ്കിൽ അംഗീകാരത്തിനു അപേക്ഷിക്കാൻ പ്രയാസം ഉണ്ടായിരുന്നില്ല. എങ്കിലും അവർ അങ്ങനെ ചെയ്യാൻ തയ്യാറായില്ല. ഇതിൽ ഡിപ്പാർട്ടുമെൻറിൻറെ നിലപാടു് എന്താണെന്നുവെച്ചാൽ അംഗീകാരം കിട്ടിയിട്ടില്ലാത്ത സംഘടനകളെ വിളിച്ചു് ആലോചിക്കാൻ തുടങ്ങിയാൽ പിന്നെ അംഗീകാരം കിട്ടാത്ത എല്ലാ സംഘടനകളേയും വിളിച്ചു

LIBRARY ARCHIVES Kerala Legislative Assembly